श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**സംഗ്രഹം**

അക്കാദമിക് വിഭാഗം- ത്രൈവ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സന്നദ്ധസേന വോളണ്ടിയേഴ്സിന് 5% വരെ അറ്റൻഡൻസ് നൽകാൻ തീരുമാനിച്ച സിൻഡിക്കേറ്റ് തീരുമാനം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി വിഭാഗം**

02113 / ACDB2 / SSUS / 2024 (1) തീയതി,കാലടി,17-10-2024

പരാമർശം : 1. 13.03.2024 ലെ കെ1/58/2024/HEDN നമ്പർ കത്ത്

2.01.08.2024 ലെ KSHEC(4)-A7/718/MS/Direct/2024 നമ്പർ കത്ത്

3. 06.09.2024 ന് ചേർന്ന 220-ാമത് സിൻഡിക്കേറ്റ് യോഗത്തീരുമാനം , ഐറ്റം നം. 7

**ഉത്തരവ്**

ഉന്നത വിദ്യാഭ്യാസ രംഗത്തെ പട്ടിക വർഗ്ഗ വിഭാഗത്തിൽ നിന്നുള്ളവരുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനായി ആവിഷ്ക്കരിച്ചിരിക്കുന്ന ത്രൈവ് പദ്ധതിയിൽ തിരഞ്ഞെടുക്കുന്ന സാമൂഹിക(സർവകലാശാല വിദ്യാർത്ഥി) സന്നദ്ധസേന വോളണ്ടിയർമാർക്ക് 5% വരെ അറ്റൻഡൻസ് നൽകുന്നതിന് പരാമർശം(1), (2) പ്രകാരം കത്തുകൾ ലഭിച്ചിരുന്നു.

ത്രൈവ് പദ്ധതിയിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥി വോളണ്ടിയർമാർക്ക് സർവകലാശാല 5% വരെ അറ്റൻഡൻസ് നൽകുന്ന വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതിനു ടി വിഷയം സിൻഡിക്കേറ്റിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ഉത്തരവായിരുന്നു.

ടി വിഷയം പരാമർശം(2) പ്രകാരമുള്ള സിൻഡിക്കേറ്റ് പരിഗണിക്കുകയും, 29.08.2024 ൽ നടന്ന അക്കാദമിക് & റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച് ത്രൈവ് പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന സന്നദ്ധസേന വോളണ്ടിയേഴ്സിന് 5% വരെ അറ്റൻഡൻസ് നൽകാൻ തീരുമാനിച്ചു.

സിൻഡിക്കേറ്റിന്റെ മേൽ തീരുമാനം സർവകലാശാലയിൽ നടപ്പിൽ വരുത്തുന്നതിന് ബഹു. വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസൃതമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഒപ്പ്**

**ഡോ. സുനിത ഗോപാലകൃഷ്ണൻ**

**പ്രൊഫസർ ഇൻചാർജ് ഓഫ് രജിസ്ട്രാർ**

സ്വീകർത്താവ്

- എല്ലാ വകുപ്പ് മേധാവിമാർ /പ്രാദേശികകേന്ദ്രം ഡയറക്ടർമാർ
- വിസി/പിവിസി/രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
- ഡി.ആർ,/എ.ആർ. (അക്കാദമിക്)//ഡി.എസ്.എസ്
- പരീക്ഷാ വിഭാഗം എ/ബി/ സി / ഡി / എക്സാം ഡിജിറ്റലൈസേഷൻ
- കരുതൽ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

*Digitally Signed By*
*Reji Kamala Sukumaran*
*Date:18-10-2024 11:54:27 AM*

സെക്ഷൻ ഓഫീസർ

Note: This document is computer generated
and does not require the signature or the University's stamp.